പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 128 **12-10-2026-ൽ മറുപടിയ്ക്ക്**

റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയിൽ നിന്നുള്ള നികുതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. ഡി. തോമസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) അർജന്റീന ടീമിനെ കേരളത്തിൽ എത്തിക്കാൻ എന്ന പേരിൽ 126 കോടി രൂപ വിദേശത്തേക്ക് കൈമാറിയ സംഭവത്തിൽ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയിൽനിന്ന് നികുതി ഈടാക്കിയിരുന്നോ; വിശദമാക്കാമോ;

മറുപടി: നികുതി ഈടാക്കിയിട്ടില്ല. 126 കോടി രൂപ വിദേശത്തേക്ക് കൈമാറിയ സംഭവത്തിൽ ചരക്ക് സേവന നികുതി വകുപ്പ് കാഞ്ഞങ്ങാട് ഇന്റലിജൻസ് യൂണിറ്റ് അന്വേഷണം ആരംഭിക്കുകയും നികുതി തുകയായ 22.68 കോടി രൂപയും പിഴത്തുകയും പലിശയും ഈടാക്കണമെന്ന് കണ്ടെത്തുകയും, ആയതിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കാസർഗോഡ് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) മുഖേന ജോയിന്റ് കമ്മീഷണർ, (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്) കോഴിക്കോടിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത നടപടിയായി നികുതിയും മറ്റ് തുകകളും അടക്കണമെന്ന് കാണിച്ച കൊണ്ടുള്ള ഷോക്കോസ് നോട്ടീസ് ജോയിന്റ് കമ്മീഷണർ, (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്) റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിക്ക് നൽകേണ്ടതുണ്ട്.

(ബി) 22.68 കോടി രൂപ സേവന നികുതി അടയ്ക്കാൻ പ്രസ്തുത കമ്പനിക്ക് 2025 ഓഗസ്റ്റിൽ നൽകിയ നോട്ടീസിന്മേൽ തുടർനടപടി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: നോട്ടീസ് നൽകിയിട്ടില്ല. അന്വേഷണത്തിന്റെ ഭാഗമായി രേഖകൾ ഹാജരാക്കുന്നതിനുവേണ്ടി 29.08.2025, 17.09.2025, 03.07.2026 എന്നീ തീയതികളിൽ 3 സമൻസുകൾ നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതിനായി കമ്പനി സമയം ആവശ്യപ്പെടുകയും ആയതിനുള്ള നിയമാനുസൃതമായ സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കമ്പനി പ്രതിനിധിയുടെ മൊഴി രേഖപ്പെടുത്തുകയും 126 കോടി രൂപ കൈമാറിയ ഇനത്തിൽ അതുമായി ബന്ധപ്പെട്ട രേഖകൾ ശേഖരിക്കുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ചെയ്തു. അടുത്ത നടപടിയായി ഷോക്കോസ് നോട്ടീസ് ജോയിന്റ് കമ്മീഷണർ, (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്), കോഴിക്കോട് കമ്പനിക്ക് നൽകേണ്ടതുണ്ട്.

(സി) തുക അടക്കുന്നത് സംബന്ധിച്ച് പ്രസ്തുത കമ്പനി എന്തെങ്കിലും സാവകാശം ആവശ്യപ്പെടുകയോ വിശദീകരണം നൽകുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> തുക അടക്കുന്നത് സംബന്ധിച്ച് പ്രസ്തുത കമ്പനി സാവകാശം ആവശ്യപ്പെടുകയോ വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. ഇതുവരെ ഇൻവെസ്റ്റിഗേഷൻ ആണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇൻവെസ്റ്റിഗേഷൻ സമയത്ത് രേഖകൾ ഹാജരാക്കേണ്ടതിനായി കമ്പനി സമയം ആവശ്യപ്പെടുകയും ആയതിനുള്ള നിയമാനുസൃതമായ സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ